# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം -1393 | 12.03.2015- ൽ മറുപടിക്ക്

## പൊതുമരാമത്ത് നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മാത്യു റ്റി.തോമസ്**<br>**ശ്രീ.ജോസ് തെറ്റയിൽ**<br>**ശ്രീ.സി.കെ.നാണു**<br>**ശ്രീമതി.ജമീല പ്രകാശം** | | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പുമന്ത്രി)** | |
| (എ) | പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ സ്തംഭിച്ചിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | (എ) | കരാറുകാർക്ക് ബിൽ കുടിശ്ശിക നൽകാനുള്ളതുമൂലം നിർമ്മാണ പ്രവർത്തനങ്ങൾ സ്തംഭിച്ചിട്ടില്ല. |
| (ബി) | കരാറുകാർക്ക് കൊടുത്തു തീർക്കുവാനുള്ള കുടിശ്ശിക എത്രയെന്ന് വിശദമാക്കുമോ; | (ബി) | പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 1680.79 കോടി രൂപയും, കെട്ടിട വിഭാഗത്തിൽ, 453.55 കോടി രൂപയും, ദേശീയപാതാ വിഭാഗത്തിൽ 54.09 കോടി രൂപയും കുടിശ്ശിക നൽകാനുണ്ട്. |
| (സി) | ടെണ്ടറുകൾ ബഹിഷ്കരിക്കുമെന്ന കരാറുകാരുടെ പ്രഖ്യാപനങ്ങൾ പിൻവലിച്ചിട്ടുണ്ടോ ; | (സി) | പിൻവലിച്ചിട്ടുണ്ട്. |
| (ഡി) | എങ്കിൽ എന്ത് ധാരണയുടെ അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കുമോ; | (ഡി) | ബിൽ കുടിശ്ശിക എത്രയും വേഗം കൊടുത്തു തീർക്കാമെന്ന ഉറപ്പിന്റെ അടിസ്ഥാനത്തിലാണ്. |
| (ഇ) | കരാറുകാർ എസ്റ്റിമേറ്റ് തുക യെക്കാൾ അധികരിച്ച തുകയ്ക്ക് ടെണ്ടറുകൾ സമർപ്പിക്കുന്നത് ബില്ലുകൾ മാറിക്കിട്ടുന്നതിലെ കാലതാമസം കൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഇ) | ബില്ലുകൾ മാറിക്കിട്ടുന്നതിലെ കാലതാമസവും ഇതിന് ഒരു കാരണമാകാൻ സാധ്യതയുണ്ട്. |

സെക്ഷൻ ഓഫീസർ